# പണിക്കാർ ഉപേക്ഷിച്ച കല്ല് ഭവനത്തിന്റെ മൂലക്കല്ല്

## നോമ്പാചാരണത്തിന്റെ അർത്ഥം

മൂന്നാഴ്ചകൾക്കു മുമ്പ് നമ്മൾ നോമ്പാരംഭിച്ചത് നെറ്റിയിൽ ഭസ്മം പൂശിക്കൊണ്ടാണല്ലോ. ബാഹ്യമായ ഒരു അനുഷ്ഠാനത്തെക്കാൾ ആന്തരികമായ മനോഭാവത്തിന്റെ പ്രകാശനമാണ് ചാരം പൂശൽ. ഈ സത്യമാണ് ഇന്നു നമ്മൾ ശ്രവിച്ച രണ്ടാമത്തെ വായന (ജോഷ്വ 6,27-7,15) വ്യക്തമാക്കുന്നത്. ദൈവം ഇസ്രായേൽ ജനത്തിനു വാഗ്ദാനം ചെയ്ത കാനാൻദേശത്ത് അവർ പ്രവേശിക്കുന്നതാണു സന്ദർഭം. വാഗ്ദത്ത ഭൂമിയിലെത്തിയ ഇസ്രായേൽജനം ആദ്യം പ്രവേശിച്ചത് ജറീക്കോയിലാണ്. വാഗ്ദാനപേടകവുമായി അവർ ഏഴുദിവസം പട്ടണത്തിനു ചുറ്റും പ്രദക്ഷിണം വച്ചപ്പോൾ, ഏഴാം ദിവസം കോട്ടകൾ നിലംപതിച്ചു. പൂർണമായി നശിപ്പിക്കേണ്ട ആ പട്ടണത്തിൽനിന്ന് യാതൊന്നും എടുക്കരുത് എന്നു കർത്താവ് പ്രത്യേകം നിർദ്ദേശിച്ചിരുന്നെങ്കിലും, യൂദാഗോത്രത്തിൽപ്പെട്ട ആഖാൻ നിഷിദ്ധ വസ്തുക്കളിൽ ചിലതെടുത്തു. അതു ദൈവകോപത്തിനു കാരണമാക്കി. അതുകൊണ്ട് ജനത്തിന് ശത്രുക്കളെ ചെറുത്തുനില്ക്കാനായില്ല. അവരിൽ അനേകർ വാളിനിരയായി. അപ്രകാരം, അവരുടെ അനുസരണക്കേടിനു തക്കതായ ശിക്ഷ ലഭിച്ചു. തെറ്റു തിരിച്ചറിഞ്ഞ ജോഷ്വ അനുതാപത്തിനു ജനത്തെ ക്ഷണിക്കുകയും അവനും ഇസ്രായേലിലെ ശ്രേഷ്ഠന്മാരും ശിരസ്സിൽ പൊടി വാരിയിട്ടു സായാഹ്നംവരെ കർത്താവിന്റെ വാഗ്ദാനപേടകത്തിനു മുമ്പിൽ സാഷ്ടാംഗം വീണുകിടന്നു പ്രാർത്ഥിക്കുകയും ചെയ്തു (ജോഷ്വ 7,6). യോനാപ്രവാചകന്റെ പ്രസംഗം ശ്രവിച്ച നിനിവേ നിവാസികൾ ചാക്കുടുത്തു ചാരംപൂശി ഉപവസിച്ചതുപോലെയായിരുന്നു ഇത്. അനുതാപത്താൽ നുറുങ്ങിയ ജനത്തിന്റെ ഹൃദയം കണ്ട കർത്താവ് അവരോടു കരുണ കാണിച്ചു. പക്ഷേ, നിഷിദ്ധവസ്തുക്കൾ അവരുടെ പക്കൽനിന്ന് പൂർണമായി നീക്കിക്കളയാതെ അവിടുന്ന് അവരോടുകൂടെ വസിക്കുകയില്ലെന്നും ശത്രുക്കളെ എതിരിടാൻ അവർക്കു ശക്തിയുണ്ടാവില്ലെന്നും അവിടുന്ന് അസന്നിഗ്ധമായി പ്രസ്താവിച്ചു. ചാരംപൂശിക്കൊണ്ട് തിങ്കളാഴ്ച നമ്മൾ ആരംഭിച്ചിരിക്കുന്ന തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും നോമ്പുകാലം ദൈവതിരുമുമ്പിൽ സ്വീകാര്യമാകണമെങ്കിൽ, ദൈവത്തിനും അവിടുത്തെ സുവിശേഷത്തിനും ചേരാത്തതെല്ലാം നമ്മുടെ ജീവിതത്തിൽനിന്നു പൂർണമായി നീക്കിക്കളയണം. അതു നമ്മുടെ സ്വഭാവത്തിലെ ചില തഴക്കദോഷങ്ങളോ ദുശീലങ്ങളോ ആകാം; ഹൃദയത്തിൽ സൂക്ഷിക്കുന്ന ചില വൈരാഗ്യ ചിന്തകളാകാം; സംസാരത്തിലുണ്ടാകുന്ന അനുചിത പ്രയോഗങ്ങളോ പരാമർശങ്ങളോ ആകാം. ഇവയെല്ലാം നീക്കം ചെയ്താൽ മാത്രമേ ദൈവം നമ്മുടെ കൂടെ വസിക്കുകയുള്ളു. അവിടുന്നു കൂടെ വസിക്കുന്നെങ്കിൽ മാത്രമേ ശത്രുവായ സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാൻ നമുക്കു ശക്തിയുണ്ടാവുകയുള്ളു.

## ദൈവമക്കൾക്കുചിതമായ ജീവിതം

പുതിയനിയമത്തിൽനിന്നുള്ള ആദ്യവായനയിൽ (റോമാ 8,12-21) ക്രൈസ്തവാസ്തിത്വത്തിന്റെ സ്വഭാവവും ഉത്തരവാദിത്വവുമാണ് പൗലോസ്ശ്ലീഹാ വിവരിക്കുന്നത്. പ്രധാനമായും മൂന്നു കാര്യങ്ങളാണ് ഇവിടെ പ്രതിപാദിക്കപ്പെടുന്നത്: 1. മാമ്മോദീസായിൽ നമുക്കു നല്കപ്പെട്ടിരിക്കുന്ന ദൈവാരൂപി നമ്മെ ദൈവമക്കളാക്കിയിരിക്കുന്നു. ഈ റൂഹായാണ്, ദൈവത്തെ ആബാ-പിതാവേ എന്നു വിളിച്ചപേക്ഷിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. 2. ഇതു ഗൗരവമായ ഒരുത്തരവാദിത്വം ഉൾക്കൊള്ളുന്നുണ്ട്. ശരീരത്തിന്റെ പ്രവണതകളെ അരൂപിയാൽ നിയന്ത്രിക്കാനുള്ളതാണ് ഈ ഉത്തരവാദിത്വം. ജഡത്തിന്റെ പ്രവണതകളെ പരിശുദ്ധ റൂഹായാൽ നിഹനിക്കുന്നവർ ജീവിക്കും; അല്ലാത്തവർ നശിക്കും. 3. ഇത് ഒരു ആനുകൂല്യവുമുൾക്കൊള്ളുന്നുണ്ട്. ദൈവപുത്രരെന്ന നിലയിൽ ദൈവപുത്രനായ മിശിഹായോടൊപ്പം നമ്മൾ കൂട്ടവകാശികളാണ് എന്നതാണ് ഈ ആനുകൂല്യം. ജീർണതയുടെ അടിമത്തത്തിൽനിന്ന് വിമോചിതരായി ദൈവമക്കൾക്കവകാശപ്പെട്ട സ്വാതന്ത്ര്യം പ്രാപിക്കുകയെന്നാൽ ദൈവിക മഹത്വത്തിൽ പങ്കുചേരുക എന്നാണർത്ഥം. നമ്മൾ മാത്രമല്ല, സർവ സൃഷ്ടികളും ഒന്നുചേർന്ന് ഈറ്റുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നു. അവിടുത്തോടൊപ്പം നമുക്കും ലഭിക്കാനിരിക്കുന്ന മഹത്ത്വത്തിൽ പ്രത്യാശ വയ്ക്കുന്നതുകൊണ്ടാണ് ഇപ്പോൾ അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങളെയും കഷ്ടതകളെയും സന്തോഷപൂർവം സ്വീകരിക്കുന്നതിനു നമുക്കു സാധിക്കുന്നത്. ഈ പ്രത്യാശയിലാണ് നമ്മൾ രക്ഷപ്രാപിക്കുന്നത് (റോമാ 8,23). ബനഡിക്ട് മാർപാപ്പായുടെ രണ്ടാമത്തെ ചാക്രികലേഖനത്തിന്റെ പേരുതന്നെ ഇതാണല്ലോ.

**ദൈവപുത്രനെ തിരസ്ക്കരിച്ച ദൈവജനം**

ജറുസലേമിൽ രാജകീയമായി പ്രവേശിച്ച ഈശോ ദൈവാലയം ശുദ്ധീകരിക്കുകയും അവിടെ അധികാരത്തോടെ പഠിപ്പിക്കുകയും ചെയ്തുപോന്നു. ഇതിനുള്ള അവിടുത്തെ അധികാരത്തെ ചോദ്യം ചെയ്തുകൊണ്ടു പ്രത്യക്ഷപ്പെട്ട പ്രധാനപുരോഹിതന്മാരോടും ജനപ്രമാണികളോടുമുള്ള ഈശോയുടെ സംവാദമാണ് ഇന്നത്തെ സുവിശേഷഭാഗം (മത്താ 21,23-46). പിതാവായ ദൈവത്തിൽനിന്നുള്ള ദൈവികമായ അധികാരമാണു തന്റേത് എന്നു നേരിട്ടു പറയാതെ, തനിക്കു വഴിയൊരുക്കാൻ ദൈവത്താൽ അയയ്ക്കപ്പെട്ട യോഹന്നാൻ മാംദാനയെക്കുറിച്ചുള്ള ഒരു ചോദ്യം ഉന്നയിക്കുകയാണുണ്ടായത്. യോഹന്നാൻ നല്കിയിരുന്ന സ്നാനം സ്വർഗത്തിൽനിന്നാണോ മനുഷ്യരിൽനിന്നാണോ എന്നതായിരുന്നു ചോദ്യം. സ്നാപകനു ദൗത്യം ലഭിച്ചതു സ്വർഗത്തിൽനിന്നാണെന്നും അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവർക്ക് ഈശോയുടെ ദൈവികാധികാരം അംഗീകരിക്കാതിരിക്കാനാവില്ല എന്നും അവിടുത്തേക്കറിയാമായിരുന്നു. കാരണം, യോഹന്നാൻ സാക്ഷ്യം നല്കിയത് ഈശോയുടെ ദൈവപുത്രത്വത്തിനും ദൈവികമായ അധികാരത്തിനുമാണല്ലോ. യഹൂദ പ്രമുഖർ തന്ത്രപൂർവം ഈ സത്യം ഏറ്റുപറയാതെ ഒഴിഞ്ഞു മാറിയപ്പോൾ, അവരുടെ ചോദ്യത്തിന് താൻ ഉത്തരം നല്കുന്നില്ലെന്ന് ഈശോയും അരുളിച്ചെയ്തു.

എങ്കിലും അവിടുന്ന് തുടർന്ന് അരുളിച്ചെയ്ത മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ അവരുടെ ചോദ്യത്തിനുള്ള പരോക്ഷമായ ഉത്തരമാണ്. ഈശോയുടെ അധികാരം ദൈവികമാണ്; കാരണം, അവിടുന്നു പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് എന്ന സത്യമാണ് ഈ ഉപമയിലൂടെ അവിടുന്നു വ്യക്തമാക്കുന്നത്. ഉടമസ്ഥൻ തന്നെ നട്ടുപിടിപ്പിച്ച്, ചുറ്റും വേലികെട്ടി, ഒരു ചക്കും ഗോപുരവും സ്ഥാപിച്ച ഈ മുന്തിരിത്തോട്ടം ഇസ്രായേൽ ജനമാണ്. ഇസ്രായേൽജനത്തെ കർത്താവിന്റെ മുന്തിരിത്തോട്ടം എന്ന് ഏശയ്യാപ്രവാചകൻ തന്നെയും വിശേഷിപ്പിച്ചിട്ടുണ്ടല്ലോ (ഏശ 5,1-7).

കൃഷിചെയ്യാനായി ദൈവം ഈ തോട്ടം ഏല്പ്പിച്ചത് ഇസ്രായേലിലെ നേതാക്കന്മാരെയാണ്. വിളവെടുപ്പുകാലത്ത് ഫലം ശേഖരിക്കാനായി അയയ്ക്കപ്പെട്ട ഭൃത്യന്മാർ കാലാകാലങ്ങളിൽ ദൈവം അയച്ച പ്രവാചകന്മാരാണ്. ഇപ്രകാരം അയയ്ക്കപ്പെട്ട പ്രവാചകരിൽ ചിലരെ കൃഷിക്കാർ കല്ലെറിയുകയും മറ്റുചിലരെ പ്രഹരിക്കുകയും വേറെ ചിലരെ വധിക്കുകയും ചെയ്തു. അവസാന ശ്രമമെന്നോണമാണ് തന്റെ പുത്രനെ ദൈവം അയച്ചത്. പുത്രനെ അവർ സ്വീകരിക്കും എന്ന പ്രതീക്ഷയോടെയാണു ദൈവം ഇതു ചെയ്തത് (മത്താ 21,27). പുത്രനെ ഇല്ലാതാക്കിയാൽ മുന്തിരിത്തോട്ടത്തിന്റെ അവകാശം സ്വന്തമാക്കാമെന്ന ദുരാഗ്രഹത്തിൽ അവർ പുത്രനെ കൊന്നുകളഞ്ഞു.

ഇതിനു സമാനമായ ദുരാഗ്രഹമാണ് ബാബേൽ ഗോപുരം നിർമ്മിച്ചവർക്കും ഉണ്ടായിരുന്നത് (പഴയ നിയമത്തിൽനിന്നുള്ള ആദ്യവായന: ഉല്പ 11,1-32). ഭൂമിയിൽ ഒരു ജനതയും ഒരു ഭാഷയും മാത്രമുണ്ടായിരുന്ന കാലത്ത്, തങ്ങളുടെ പ്രശസ്തി നിലനിർത്താൻ ആഗ്രഹിച്ച ബാബേൽജനത ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും തീർക്കാൻ ആരംഭിച്ചു. ദൈവത്തെകൂടാതെ ഗോപുരം പണിയാനുള്ള ശ്രമത്തിന്റെ ഭോഷത്തം അവർക്കു മനസ്സിലാക്കി കൊടുക്കാനായി പരസ്പരം മനസ്സിലാക്കാനാവാത്തവിധം അവരുടെ ഭാഷ കർത്താവ് ഭിന്നിപ്പിച്ചു.

പുത്രനെപ്പോലും കൊന്നുകളഞ്ഞ കൃഷിക്കാരെ ഉടമസ്ഥൻ നിഷ്ഠുരമായി നശിപ്പിക്കുകയും യഥാകാലം ഫലം നല്കുന്ന മറ്റു കൃഷിക്കാരെ മുന്തിരിത്തോട്ടം ഏല്പ്പിക്കുകയും ചെയ്യുമെന്നത് ആർക്കും ഊഹിക്കാവുന്ന അനന്തരഫലമാണ്. ഈ ഉപമയിലൂടെ ഈശോ തന്നെക്കുറിച്ചും തന്റെതന്നെ മരണത്തെക്കുറിച്ചുമാണ് പരോക്ഷമായാണെങ്കിലും സൂചിപ്പിച്ചത് എന്ന് അവിടുത്തെ അധികാരം ചോദ്യംചെയ്തവർക്കു മനസ്സിലായി (മത്താ 21,45). തങ്ങൾ പ്രതിസ്ഥാനത്താണ് എന്നും അവർ ഗ്രഹിച്ചു. തന്റെ അധികാരത്തെ ചോദ്യംചെയ്ത യഹൂദ നേതാക്കന്മാരെ ദൈവികമായ തന്റെ അധികാരത്തെക്കുറിച്ചു ബോദ്ധ്യപ്പെടുത്തുക മാത്രമല്ല ഈശോ ചെയ്തത്; ഈ അധികാരം അംഗീകരിക്കാതിരിക്കുന്നവർക്കു വരാനിരിക്കുന്ന ശിക്ഷയെക്കുറിച്ച് അറിവു നല്കുക കൂടി ചെയ്തു.

നമ്മുടെ ജീവിതത്തിൽ ഈശോയ്ക്കുള്ള ദൈവിക അധികാരം അംഗീകരിച്ചേറ്റു പറയാനും അവിടുത്തെ നിർദ്ദേശങ്ങളനുസരിച്ച് അവിടുത്തേക്കു യോജിക്കാത്തവ നമ്മുടെ ജീവിതത്തിൽനിന്നു പൂർണമായി നീക്കിക്കളയാനും അതുവഴി പരിശുദ്ധറൂഹായിലുള്ള ജീവിതത്തിൽ അഭിവൃദ്ധിപ്പെട്ട് സ്വർഗീയ മഹത്വത്തിനു യോഗ്യരായിത്തീരാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ**